**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2908** **12-07-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യഫെഡിൽ കരാർ ദിവസ വേതന ജോലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ ആറ് വർഷക്കാലയളവിനുള്ളിൽ മത്സ്യഫെഡിൽ കരാർ ദിവസ വേതന അടിസ്ഥാനത്തിൽ എത്ര പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്; വിശദമാക്കാമോ; | (എ) | കഴിഞ്ഞ ആറ് വർഷത്തിനുള്ളിൽ മത്സ്യഫെഡിൽ കരാർ അടിസ്ഥാനത്തിൽ 137 പേരും, ദിവസവേതനാടിസ്ഥാനത്തിൽ 186 പേരും, ഓഖി ആശ്രിതരിൽ 35 വനിതകളും അപ്രന്റിസ് ട്രെയിനി/ പീസ് റെയ്റ്റ് -6 പേരും ഉൾപ്പെടെ 364 പേരെ താത്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |
| (ബി) | മത്സ്യ സംഭരണം, വിൽപ്പന എന്നിവയുമായി ബന്ധപ്പെട്ട് ഈ കാലയളവിൽ എത്ര കോടിയുടെ ക്രമക്കേടുകൾ നടത്തിയിട്ടുണ്ടെന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കുറ്റക്കാരായവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | മത്സ്യത്തൊഴിലാളി സംഭരിക്കുന്ന മീൻ വിറ്റ പണം ബാങ്കിൽ അടയ്ക്കുന്നതിൽ 103.29 ലക്ഷം രൂപയുടെ ക്രമക്കേട് നടന്നതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.<br><br>കൊല്ലം മത്സ്യഫെഡ് കോമൺ പ്രീ-പ്രോസസിംഗ് സെന്റർ-ന്റെ 2020-21, 2021-22 വർഷങ്ങളിലെ കണക്കുകളിൽ പൊരുത്തക്കേട് കണ്ടെത്തുകയും ടി വർഷങ്ങളിലെ കണക്കുകളിൽ അന്തിപ്പച്ചയിൽ നിന്നുള്ള വിൽപ്പന വിലയും ബാങ്കിൽ അടച്ച തുകയും തമ്മിൽ 93.75 ലക്ഷം രൂപയുടെ വ്യത്യാസം കണ്ടെത്തിയിരുന്നു. അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലുള്ള സ്ഥിരം ജീവനക്കാരനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും, അക്കൗണ്ടന്റ് തസ്തികയിലുള്ള താൽക്കാലിക ജീവനക്കാരനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. ടിയാൻമാർക്കെതിരെ ക്രിമിനൽ നടപടിക്രമം അനുസരിച്ചുള്ള നിയമനടപടികൾ സ്വികരിക്കുന്നതിന്റെ ഭാഗമായി പോലീസിൽ പരാതി നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് നടത്തിയ അന്വേഷണത്തിൽ ടി കാലയളവിലെ മത്സ്യഫെഡ് കോമൺ പ്രി |

| | | | |
|---|---|---|---|
| | | | പ്രോസസ്സിംഗ് സെന്റർ മാനേജർക്ക് മേൽനോട്ട വീഴ്ച സംഭവിച്ചതായി ബോധ്യപ്പെടുകയും സ്ഥിരം ജീവനക്കാരിയായ മാനേജരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും, കൂടാതെ മേൽനോട്ട വീഴ്ച സംഭവിച്ചതായി ബോധ്യപ്പെട്ട ഡെവലപ്പ്മെന്റ് ഓഫീസർ, പ്രോജക്ട് ഓഫീസർമാർ എന്നീ തസ്തികയിലുള്ള കരാർ ജീവനക്കാരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. മത്സ്യഫെഡ് കോമൺ പ്രീ-. പ്രോസസ്സിംഗ് സെന്ററിൽ സാമ്പത്തിക ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് ഇതുവരെ 8 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>മത്സ്യഫെഡിന്റെ കോഴഞ്ചേരി ഫിഷ് ബൂത്തിൽ മത്സ്യഫെഡ് ഇന്റേണൽ ഓഡിറ്റ് വിഭാഗം നടത്തിയ പരിശോധന റിപ്പോർട്ടിൽ കോഴഞ്ചേരി ഫിഷ് ബൂത്തിലെ ക്യാഷ്/ബാങ്ക് എന്നിവയിൽ 9,53,668/- രൂപയുടെ കുറവ് കണ്ടെത്തിയതിനെതുടർന്ന്, ഫിഷ് ബൂത്ത് നടത്തിപ്പിന്റെ ചുമതലയുള്ള സ്വയം സഹായ ഗ്രൂപ്പിലെ ഒരംഗത്തിനെതിരെ കേസെടുക്കുന്നതിന് പോലീസിൽ പരാതി നൽകിയിട്ടുണ്ട്. |
| (സി) | മത്സ്യഫെഡിന്റെ അന്തിപ്പച്ച പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി എന്താണെന്ന് വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലായി മത്സ്യഫെഡിന്റെ 10 അന്തിപ്പച്ച മൊബൈൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ അന്തിപ്പച്ച മൊബൈൽ യൂണിറ്റുകൾ വിവിധ ജില്ലകളിൽ ആരംഭിക്കുന്നതിനായി സർക്കാർ പോർട്ടലായ GeM വഴി 5 വാഹനങ്ങൾ വാങ്ങുകയും, വിൽപ്പനശാല സജ്ജീകരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>മത്സ്യഫെഡിലെ ശക്തികുളങ്ങര കോമൺ പ്രീ-പ്രോസസിംഗ് സെന്ററിലെ ക്രമക്കേടുകൾ സംബന്ധിച്ച് ഫിഷറീസ് ഡയറക്ടർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ